# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7544 — 17.07.2012-ലെ മറുപടിക്ക്

## പ്രാദേശിക വികസന പദ്ധതിയിനത്തിൽ തുക അനുവദിക്കുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) 2012-13-ൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസന പരിപാടികൾക്കുള്ള പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നറിയിക്കുമോ ; | എ) വികസനാവശ്യത്തിനുള്ള ഫണ്ടിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 വർഷം 3228 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) പ്രാദേശിക വികസന പരിപാടികൾക്കുള്ള പദ്ധതി വിഹിതം ഉപയോഗിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ ; | ബി) ഉണ്ട്. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് 15.06.2012-ൽ സ.ഉ.(എം.എസ്) നം. 168/12/ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| സി) പ്രാദേശിക വികസന പരിപാടികൾക്കുള്ള പദ്ധതി വിഹിതത്തിൽ എത്ര തുക നാളിതുവരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്നറിയിക്കുമോ ? | സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിനായുള്ള പൊതു അക്കൗണ്ടിലേക്കായി 2012-13 വർഷത്തേക്ക് ഇതു വരെ മൂന്ന് തവണകളായി ആകെ രൂപ |

624,01,50,300/- (അറുന്നൂറ്റി ഇരുപത്തി നാല് കോടി ഒരു ലക്ഷത്തി അമ്പതിനായിരത്തി മുന്നൂറ് രൂപ മാത്രം) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ